പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1144 — 30.01.2018-ൽ മറുപടിക്ക്

## പാലപ്പുറം നെല്ലിക്കുർശ്ശി - കുതിരവഴിപ്പാലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പാലപ്പുറം നെല്ലിക്കുർശ്ശി - കുതിരവഴിപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ എന്നാണ് പൂർത്തികരിച്ചതെന്നും ഏത് ഏജൻസിയാണ് ഇൻവെസ്റ്റിഗേഷൻ നടത്തിയതെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ; | (എ) പാലപ്പുറം നെല്ലിക്കുർശ്ശി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ 30.03.2017-ൽ പൂർത്തീകരിച്ചു.<br>ഇൻവെസ്റ്റിഗേഷൻ ഏജൻസി - എസ്റ്റീം ഡെവലപ്പേഴ്സ്.<br>വിനിയോഗിച്ച തുക – 1,78, 285/- രൂപ |
| (ബി). പ്രസ്തുത ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നാണ് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നൽകിയതെന്ന് വ്യക്തമാക്കുമോ; | (ബി). 28.04.2017 ന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കൈമാറി. |
| (സി). കുതിരവഴിപ്പാലത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (സി) കുതിരവഴിപ്പാലത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് പാലക്കാട് നിരത്തു വിഭാഗം കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു. |
| (ഡി). പാലത്തിന് ഭരണാനുമതി എന്നാണ് ലഭിച്ചതെന്ന വിശദാംശം വ്യക്തമാക്കാമോ? | (ഡി) കുതിരവഴിപ്പാലത്തിന് 22.12.2015-ൽ ഭരണാനുമതി നൽകി. |

S. Bindu

സെക്ഷൻ ഓഫീസർ